II ഇ.ബി. XIII - കേരള നിയമസഭ/ XI - 26

# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

## 2014 ജൂലൈ 16, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

86 (*751) നിർമ്മാണ മേഖല നേരിടുന്ന പ്രതിസന്ധി

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി) നൽകിയ മറുപടിയിൽ, ഇറക്കുമതി ചെയ്ത മണൽ വിപണനം ചെയ്യുവാൻ ഡീലേഴ്സ് ലൈസൻസ് നൽകുന്നതിന് പുറമെ ഡാമുകളിൽ നിന്നുൾപ്പെടെ മണൽ ലഭ്യമാക്കി ഇ-മണൽ പദ്ധതിയിലുൾപ്പെടുത്തി മിതമായ നിരക്കിൽ വിതരണം ചെയ്തും നിർമ്മാണ മേഖലയിൽ ആവശ്യമായ മണലിന്റെ ദൗർലഭ്യം പരിഹരിച്ചുവരുന്നതായി സഭയെ അറിയിച്ചു. നിർമ്മാണ മേഖലയിലെ പ്രധാന അസംസ്കൃത വസ്തുക്കളായ കരിങ്കല്ല്, മണൽ എന്നിവയുടെ ഖനനാനുമതി പുതുക്കി നൽകുന്നതിൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെയും ദേശീയ ഹരിത

ട്രിബ്യൂണലിന്റെയും ഉത്തരവുകൾമൂലം തടസ്സം നേരിടുന്നുണ്ട്. അഞ്ച് ഹെക്ടറിൽതാഴെ വിസ്തീർണ്ണമുള്ള ക്വാറികൾക്ക് മുൻകൂർ പാരിസ്ഥിതികാനുമതി ഇല്ലാതെ ഹ്രസ്വകാല ഖനനത്തിനുള്ള അനുമതി പുതുക്കി നൽകുവാൻ ഉത്തവായിട്ടുണ്ട്. കമ്പി, സിമെന്റ് എന്നിവയുടെ കമ്പോള വിലയും പ്രവൃർത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള ഷെഡ്യൂൾ ഓഫ് റേറ്റും തമ്മിലുള്ള അന്തരംമൂലവും നിശ്ചിത സമയത്തിനുള്ളിൽ പണികൾ പൂർത്തീകരിക്കാൻ സാധിക്കാതെ വരുന്നത് സർക്കാരിന്റെ വികസന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. ഈ പ്രതിസന്ധിക്ക് പരിഹാരം കാണുന്നതിന് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന റവന്യൂ, വനം, പരിസ്ഥിതി വകുപ്പുമന്ത്രിമാരുടെ യോഗത്തിൽ അസംസ്കൃത വസ്തുക്കളുടെ ഖനനാനുമതിക്ക് പരിസ്ഥിതി ക്ലിയറൻസ് ലഭിക്കുന്നതിന് വ്യവസ്ഥകൾ ലളിതമാക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ആരായുകയും ആവശ്യമെങ്കിൽ റിവ്യൂ ഹർജി ഫയൽ ചെയ്യാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. അയൽരാജ്യങ്ങളിൽനിന്നും കൂടുതൽ മണൽ ഇറക്കുമതി ചെയ്യുന്നതിന് നിലവിലുള്ള വ്യവസ്ഥകളിൽ ഇളവുവരുത്തുന്നതോടൊപ്പം അസംസ്കൃത വസ്തുക്കൾക്ക് പകരം പ്രീ ഫാബ്രിക്കേറ്റഡ് കൺസ്ട്രക്ഷൻ മെറ്റീരിയലുകളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതടക്കമുള്ള നടപടികൾ സ്വീകരിച്ച് ഇപ്പോഴുള്ള പ്രതിസന്ധിക്ക് ശാശ്വത പരിഹാരം കാണാൻ ശ്രമിക്കുന്നതാണെന്നും പരിസ്ഥിതിക്ക് കോട്ടം തട്ടാത്ത രീതിയിൽ

വികസന പ്രവർത്തനങ്ങൾ നടത്തുകയെന്നുള്ളതാണ് സർക്കാർ നയമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു. നിർമ്മാണ മേഖലയിൽ നിലനിൽക്കുന്ന വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച് കോൺട്രാക്ടർമാരുടെ സംഘടനകളുമായി ചർച്ച നടത്തി പ്രശ്ന പരിഹാരത്തിന് സാധ്യമായ എല്ലാ കാര്യങ്ങളും ചെയ്യുന്നതാണെന്ന് ഉപചോദ്യത്തിൽ ഇടപെട്ടുകൊണ്ട് മുഖ്യമന്ത്രി വ്യക്തമാക്കി.

87(*752) <u>ഉപയോഗശൂന്യമായ എൽ.ഇ.ഡി., സി.എഫ്.എൽ. ബൾബുകളുടെ നിർമ്മാർജ്ജനം</u>

ഊർജ്ജവകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) നൽകിയ മറുപടിയിൽ, കേടായ സി.എഫ്.എൽ./എൽ.ഇ.ഡി.ബൾബുകൾ, ട്യൂബുകൾ എന്നിവയുടെ സുരക്ഷിത നിർമ്മാർജ്ജനത്തിന് പദ്ധതി സമർപ്പിക്കുന്നതിനായി നിയോഗിച്ചിട്ടുള്ള ഐ.ആർ.ജി. സിസ്റ്റംസ് സൗത്ത് ഏഷ്യാ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം സമർപ്പിക്കുന്ന പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് അതിനായുള്ള യൂണിറ്റുകൾ സ്ഥാപിക്കുന്ന കാര്യം തീരുമാനിക്കുന്നതാണെന്ന് സഭയെ അറിയിച്ചു. ആരോഗ്യത്തെ ഗുരുതരമായി ബാധിക്കുന്ന കൃത്രിമ ബൾബുകൾ ഉപയോഗശേഷം നിർമ്മാതാക്കൾതന്നെ തിരികെവാങ്ങി നിർമ്മാർജ്ജനം ചെയ്യണമെന്നുള്ള വ്യവസ്ഥ സംസ്ഥാനത്തും ബാധകമാണെങ്കിലും ഇവയുടെ നിർമ്മാണ കമ്പനികൾ സംസ്ഥാനത്ത്

പ്രവർത്തിക്കാത്തതിനാൽ മറ്റ് മാർഗ്ഗങ്ങളിലൂടെ ഇവ നിർമ്മാർജ്ജനം ചെയ്യേണ്ടത് ആവശ്യമാണെന്നും അതിനുവേണ്ടി ചുമതലപ്പെടുത്തിയിരിക്കുന്ന സ്ഥാപനത്തിന്റെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ആവശ്യമായ കാര്യങ്ങൾ ചെയ്യുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു. ഉപയോഗശൂന്യമായ സി.എഫ്.എൽ/എൽ.ഇ.ഡി. ബൾബുകൾ അലക്ഷ്യമായി വലിച്ചെറിയാതെ റീപ്രോസസ്സ് ചെയ്യുന്നതിന് ക്ലീൻ കേരള കമ്പനിയുടെ ആഭിമുഖ്യത്തിൽ ഇ-വേസ്റ്റ് ട്രീറ്റ്മെന്റ് പ്ലാന്റ് ആരംഭിക്കാനുദ്ദേശിക്കുന്നതായി ഒരു ഉപചോദ്യത്തിൽ ഇടപെട്ടുകൊണ്ട് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി അറിയിച്ചു.

88(*753) <u>വൈദ്യുതി കരാറുകൾ</u>

ഊർജ്ജവകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, നിലവിലുള്ള ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിച്ചും പവ്വർ എക്സ്ചേഞ്ച് വഴി കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭ്യമാക്കിയും സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യകത നിറവേറ്റിവരുന്നതായി സഭയെ അറിയിച്ചു. കേരളത്തിന് പുറത്തുള്ള വൈദ്യുത നിലയങ്ങളിൽനിന്ന് വൈദ്യുതി വാങ്ങാനുള്ള ഉഭയകക്ഷി കരാറുകൾ നിലവിലുണ്ടെങ്കിലും പ്രസരണ ഇടനാഴിയുടെ അപര്യാപ്തതമൂലം ജൂലൈ മാസത്തിൽ കേവലം 3 മെഗാവാട്ട് വരെ വൈദ്യുതി എത്തിക്കാനുള്ള അനുമതി മാത്രമേ ലഭിച്ചിട്ടുള്ളൂ. കായംകുളം വൈദ്യുത നിലയത്തിൽനിന്ന് 12.35 രൂപ നിരക്കിൽ ഏകദേശം 3.6 ദശലക്ഷം യൂണിറ്റ്

വൈദ്യുതി ഇപ്പോൾ ലഭ്യമാക്കുന്നുണ്ട്. ബി.എസ്.ഇ.എസ്. നിലയത്തിൽനിന്നുള്ള വൈദ്യുതി ഇപ്പോൾ വാങ്ങുന്നില്ല. പെറ്റ്കോക്ക് ഉപയോഗിച്ച് വൈദ്യുതി ഉത്പാദനം നടത്തുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ പഠിക്കുന്നതിനായി നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് പ്രകാരം പദ്ധതിക്ക് അനുയോജ്യമായ 150 ഏക്കർ സ്ഥലം വിട്ടുകിട്ടുന്നതിന് എഫ്.എ.സി.റ്റി.യോട് ആവശ്യപ്പെട്ടിട്ടുണ്ട്; സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത പദ്ധതി നടപ്പാക്കുന്നതും ഇടമൺ-കൊച്ചി ലൈനിന്റെ പൂർത്തീകരണത്തിന് നടപടി സ്വീകരിക്കുന്നതുമാണ്. ഭാഗികമായി പൂർത്തിയായ മൈസൂർ-എടരിക്കോട് ലൈനിന്റെ ബാക്കി ഭാഗത്തിന്റെ പണി പൂർത്തീകരിക്കുന്നതിന് കർണ്ണാടക സംസ്ഥാനത്തോട് ആവശ്യപ്പെടുന്നതും പ്രസ്തുത ജോലി പൂർത്തിയാകുന്ന മുറയ്ക്ക് പൂത്തൂർ-മൈലാട്ടി ലൈൻ ശക്തിപ്പെടുത്തുന്നതുമാണ്. പ്രസരണ ഇടനാഴി അനുവദിക്കാത്തത് സംബന്ധിച്ച് റെഗുലേറ്ററി കമ്മീഷനിൽ ഫയൽ ചെയ്ത കേസ്സിന്മേൽ ഒത്തുതീർപ്പ് ശ്രമങ്ങൾ നടന്നുവരുന്നതായും ഡാമുകളിലേയ്ക്കുള്ള നീരൊഴുക്കിൽ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ഗണ്യമായ കുറവുണ്ടായതായും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

**അടിയന്തരചോദ്യം**

(1) <u>കേന്ദ്ര മോട്ടോർ വാഹന ചട്ടങ്ങളിൽ വരുത്തിയ മാറ്റം</u>

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി

(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) നൽകിയ മറുപടിയിൽ, കേന്ദ്ര സർക്കാരിന്റെ പുതിയ വിജ്ഞാപന പ്രകാരം 01-04-2014 മുതൽ വാഹനങ്ങളിൽ സ്പീഡ് ഗവേണർ (Speed Governor) നിർബന്ധമാക്കിയെങ്കിലും സ്റ്റേറ്റ് പെർമിറ്റ്, നാഷണൽ പെർമിറ്റ് ഗുഡ്സ് വാഹനങ്ങൾ, ആൾ ഇൻഡ്യാ പെർമിറ്റ് വാഹനങ്ങൾ എന്നിവയെ അതിൽനിന്ന് ഒഴിവാക്കിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. കേരളത്തിലെ വാഹന സാന്ദ്രതയും റോഡുകളുടെ പരിമിതിയും കണക്കിലെടുത്ത് ഇത്തരം വാഹനങ്ങളെയും സ്പീഡ് ഗവേണർ ഘടിപ്പിക്കേണ്ടതായ വാഹനങ്ങളുടെ വിഭാഗത്തിൽ നിലനിർത്തി വിജ്ഞാപനം ഭേദഗതി ചെയ്യണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. സ്പീഡ് ഗവേണർ ഘടിപ്പിച്ച വാഹനങ്ങളോടൊപ്പം മറ്റ് വാഹനങ്ങൾ മത്സരിക്കുന്നത് പ്രശ്നങ്ങൾ സൃഷ്ടിക്കുമെന്നതിനാൽ കേന്ദ്ര സർക്കാർ സ്വീകരിക്കുന്ന നിലപാടിനനുസൃതമായി തുടർനടപടികൾ സ്വീകരിക്കാനാണ് സംസ്ഥാന സർക്കാർ ഉദ്ദേശിക്കുന്നതെന്നും മന്ത്രി അറിയിച്ചു.

(2) കേരള സർവ്വകലാശാല ഓൺലൈൻ ഡിഗ്രി പ്രവേശനം

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്) നൽകിയ മറുപടിയിൽ, കേരള സർവ്വകലാശാല ഡിഗ്രി പ്രവേശനത്തിനുള്ള ഓൺലൈൻ

അലോട്ട്മെന്റിൽ മെറിറ്റ് ലിസ്റ്റിൽ പ്രവേശനം ലഭിക്കേണ്ടിയിരുന്ന 126 വിദ്യാർത്ഥികൾക്ക് യൂണിവേഴ്സിറ്റിയുടെ ഭാഗത്തുനിന്നുണ്ടായ സാങ്കേതിക പിഴവുമൂലം സംവരണ വിഭാഗത്തിലാണ് പ്രവേശനം ലഭിച്ചിട്ടുള്ളതെന്ന് സഭയെ അറിയിച്ചു. തുടർന്നുവരുന്ന അലോട്ട്മെന്റിൽ സംവരണ വിഭാഗത്തിൽ ഉയർന്ന മാർക്ക് നേടിയ വിദ്യാർത്ഥികളെ മെറിറ്റിൽ വരുന്ന ഒഴിവുകളിലേയ്ക്ക് പരിഗണിക്കുമ്പോൾ സംവരണ വിഭാഗങ്ങൾക്ക് അർഹമായ അവസരം ലഭിക്കുന്നതിനുവേണ്ട നടപടികൾ യൂണിവേഴ്സിറ്റി സ്വീകരിച്ചിട്ടുണ്ട്. അതിനാൽ സംവരണ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് അവസരം നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടാകുന്നതല്ലെന്ന് മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 7837 മുതൽ 8060 വരെയുള്ള ചോദ്യങ്ങളിൽ 162 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം മറുപടി നൽകി)